# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ജി.യു.പി.എസ്.
# ചുണ്ടത്തുപൊയിൽ



GUPS CHUNDATHUPOIL
60
DIAMOND JUBILEE
KNOWLEDGE IS WEALTH
ESTD 1966
1966-2026

GOVT: U.P SCHOOL CHUNDATHUPOYIL
KNOWLEDGE IS WEALTH
ESTD 1966
Panambilavu.P.O

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്. |
| • മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല. |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്" പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | • കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | • IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| • സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | |
| • കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# ജി. യു. പി. എസ്. ചുണ്ടത്തുംപൊയിൽ

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ഊർങ്ങാട്ടിരി പഞ്ചായത്തിൽ അരീക്കോട് സബ്ജില്ലയിലെ ഗവ. യു. പി. സ്കൂൾ ചുണ്ടത്തുംപൊയിൽ 1966ൽ സ്ഥാപിതമായ കാലഘട്ടം മുതൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റ നേട്ടങ്ങൾ കരസ്ഥമാക്കി കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2025-26 കാലഘട്ടത്തിൽ വജ്രജൂബിലി ആഘോഷിക്കുന്ന വിദ്യാലയത്തിൽ മികവുറ്റ ഭൗതികസാഹചര്യങ്ങളാണ് ഉള്ളത്.

ഇന്റർലോക്ക് ചെയ്ത് നവീകരിച്ച സ്കൂൾ മുറ്റം പഞ്ചായത്തിന്റെ നേതൃത്വത്തിൽ പെയിന്റടിച്ച് മനോഹരമാക്കിയ കെട്ടിടങ്ങൾ - നവീകരിച്ച ഗ്രൗണ്ട്. 1 മുതൽ 7 വരെയുള്ള ക്ലാസുകൾ. പ്രീ-പ്രൈമറി. ഗണിത-സയൻസ്, കമ്പ്യൂട്ടർ ലാബുകൾ 2000 പുസ്തകങ്ങളോടു കൂടിയ വിശാലമായ ലൈബ്രറി. നവീകരിച്ച ഓഫീസ് റൂം കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ക്ലോസറ്റ് ടോയ്‌ലറ്റുകൾ - ഇൻസിനേറ്റർ സൗകര്യം എന്നിങ്ങനെ ഭൗതിക സൗകര്യത്തിന്റെ കാര്യത്തിൽ ഏറെയധികം മുന്നിട്ടു നിൽക്കുന്നു.

School Code - 48238

- 32050100305

email - gupschundath@gmail.com

DDE - Malappuram

DEO - Wandoor

AEO - ARECODE

Thaluk - Eranad

Village - Vettilappara

LSGD - Urangattiri

Pin - 673639

ഭൗതിക സാഹചര്യങ്ങളിൽ കൈവരിച്ച നേട്ടങ്ങളോ-ടൊപ്പം ഈ അധ്യയനവർഷത്തിൽ അക്കാദമികമായ മുന്നേറ്റത്തിന് മാറ്റ് കൂട്ടാൻ നിരവധി പൊതു പ്രവർ-ത്തനങ്ങൾ. വിദ്യാലയാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക് മാസ്റ്റർ-പ്ലാൻ ആണ് 2025-26 അധ്യയന വർഷത്തേക്ക് തയ്യാറാക്കിയിരിക്കുന്നത്. വജ്രജൂബിലിയോടനുബന്ധിച്ച് വിദ്യാലയത്തിലെ ഈ വർഷത്തെ പ്രവർത്തനങ്ങൾ

- പൂർവ്വവിദ്യാർത്ഥി അധ്യാപക സംഗമം
- ഫുട്ബോൾ കോച്ചിംഗ്
- കോർണർ പി.ടി.എ (ഓഗസ്റ്റ് മുതൽ വിവിധ മേഖലക-ളിൽ)
- സംസാരിക്കുന്ന ലൈബ്രറി
- ദിനാചരണങ്ങൾ
- സ്കൂൾ പത്രം എല്ലാമാസവും
- അസംബ്ലി (മലയാളം, ഇംഗ്ലീഷ്, ഹിന്ദി)
- പ്രൈമറി കലോത്സവം
- പെൺകുട്ടികൾക്ക് സൈക്ലിംഗ് പരിശീലനം
- ഡിജിറ്റൽ മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം |
|---|---|---|---|
| ഭാഷാ<br>വായന<br>പോഷണം<br>ഉണർവ്<br>ഉച്ചപ്പെടു<br>ത്തുന്നതിന്<br>സാഹിത്യവാസന<br>കളിൽ ഉണർ<br>വുണ്ടാക്കുന്നതിന്<br>ഭാഷ അറിവ്<br>വർധിപ്പിക്കുന്ന. | ഉറക്കെ ചൊല്ലൽ<br>ഉച്ചാരണശുദ്ധി വായന<br>അസംബ്ലി<br>ക്ലാസ് ലൈബ്രറി - ക്ലാസുകൾ<br>സ്കൂൾ ലൈബ്രറി - അമ്മ - വായന<br>വായനാ കുറിപ്പ് - ആസ്വാദന കുറിപ്പ് മത്സരങ്ങൾ | ജൂൺ to മാർച്ച് | SRG |
| | കവിത, കഥ ശില്പശാലകൾ -<br>നാടൻപാട്ട് - ശില്പശാല<br>കൈയെഴുത്ത് മാസിക | സെപ്റ്റംബർ<br>ഒക്ടോബർ | PTA<br>2000 |
| | സർഗവേള - രംഗാവിഷ്കാരം<br>കുട്ടികളുടെ ആകാശവാണി<br>അഭിമുഖം - സംവാദം<br>സാഹിത്യകാരന്മാർ,<br>ക്വിസ് മത്സരം - മാസത്തിൽ<br>- സംയുക്ത ഡയറി. 1,2 ക്ലാസുകൾ | ജൂൺ -<br>മാർച്ച് വരെ<br>ഒക്ടോബർ | SRG |
| English<br>Listen,<br>Speak<br>English fluently | English Assembly<br>News reading in classes<br>English Diary writing | June<br>to<br>March | SRG |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം. |
|---|---|---|---|
| Write and Speak English | Magazine<br>Authors quiz<br>Making reading cards<br>Reading stories<br>Role play<br>Readers Theatre | March<br><br>September<br>June to March | SRG<br><br>PTA 1000<br><br>SRG |
| ഗണിതം.<br>ഗണിതാഭിരുചി വളർത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യാസഹായത്താൽ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഗണിത ക്ലബ്<br>ഗണിതശില്പശാല<br>ഒറിഗാമി ശില്പശാല<br>ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ<br>ചതുഷ്ക്രിയകൾ, ട്രാൻസോ<br>ഗണിത ക്വിസ്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക്. | ജൂൺ<br>ഓഗസ്റ്റ്<br>ജൂൺ to മാർച്ച്<br>"<br>" | SRG<br>PTA<br>SRG<br>SRG. |
| സയൻസ് | ജൈവവൈവിധ്യപാർക്ക്<br>കണ്ടറിയുന്നതിനു യാത്ര<br>ജൈവവൈവിധ്യങ്ങളുടെ കാവുകൾ, പുഴകൾ സന്ദർശനം. | ഓഗസ്റ്റ്<br>നവംബർ ഡിസംബർ | PTA<br>PTA SRG |

| ലക്ഷ്യം | സാധ്യ പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം |
|---|---|---|---|
| | ഉത്പന്നങ്ങൾ-ലഘു ഉത്പന്നങ്ങൾ - ഉൽപ്പന്ന ങ്ങളിട്ട് — | ജൂൺ to മാർച്ച് | SRG |
| | | നവംബർ | PTA |
| പ്രതിഭകളായ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വർധിപ്പിക്കൽ | സ്കൂൾ ശാസ്ത്രോത്സവം | ഓഗസ്റ്റ് | PTA/SRG |
| | ഉപജില്ലാ - ജില്ലാ | | |
| | വിസ്മയയാത്ര - 10 ശാസ്ത്രജ്ഞന്മാരുടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുക. | ജൂൺ സെപ്തംബർ | SRG |
| | ശാസ്ത്ര വിസ്മയ ചുമര് - | ജൂലൈ | SRG. |
| സാമൂഹ്യശാസ്ത്രം ചരിത്രങ്ങളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കൽ. | ഓർമ്മച്ചെപ്പ് - നാടിന്റെ (പ്രാദേശിക സംഭവങ്ങൾ) | ജൂൺ | |
| | Virtul field trip- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | | SRG |
| | കടലുണ്ടി മുതലായ -field trip | | |
| | ചരിത്ര വിജ്ഞാനം- ചോദ്യോത്തര പയറ്റ് | ജൂൺ to March | PTA |
| | ബോധവൽക്കരണ ക്ലാസുകൾ റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം. | ജൂൺ ജൂലൈ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| പ്രവൃത്തി പരിചയം. നിർമ്മാണത്തിനുള്ള കഴിവുകൾ ഉള്ള കുട്ടികളിലും വികസിപ്പിക്കുക. | വിവിധ പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | ജൂൺ to സെപ്തംബർ | WE Teacher 2000 |
| പരിശീലന പരിപാടികൾ കുട്ടികൾക്ക് | ടാലന്റ് ലാബുകൾ പ്രകടനവേദികൾ- സർഗവേള കലാമേള സോഷ്യൽ മീഡിയ (Insta, youtube) | ജൂൺ to മാർച്ച് | PTA SRG |
| കായികം | ഫുട്ബോൾ കോച്ചിംഗ് സൈക്ലിംഗ് നൃത്തം. | ജൂൺ to മാർച്ച് | SRG PTA |
| IT | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരണം. | വർഷാവസാനം. | PTA SRG |
| ആരോഗ്യം. | അയൺ ഗുളിക വിതരണം. ആരോഗ്യബോധവത്ക്കരണ ക്ലാസുകൾ | ജൂൺ to march | PTA - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/ സാമ്പത്തികം |
|---|---|---|---|
| അറബി സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ. | ആസ്വാദന സഭ കലാപരിപാടി (ആഴ്ചയിലൊരിക്കൽ)<br>അറബിക് അസംബ്ലി (മാസത്തിലൊന്ന്.) | ജൂലൈ to March. | PTA<br>Arabic Teache |
| അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ. | എല്ലാ ദിവസവും ഒരു അറബി പദം കുട്ടികളെ പരിചയപ്പെടുത്തൽ. | ജൂലൈ to March. | SRG.<br>Arabic Teacher |
| | അറബിക് ഡോക്യുമെന്ററി പ്രദർശനം. | August to March | Arabic Teac |
| ഹിന്ദി<br>ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ. | ഹിന്ദി റേഡിയോ കേൾപ്പിക്കൽ, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br>ഹിന്ദി അസംബ്ലി.<br>ഹിന്ദി സിനിമ കാണിക്കൽ<br>കഥകൾ, കവിതകൾ വായിച്ചു കേൾപ്പിക്കൽ. | ജൂലായ് to മാർച്ച് | Hindi Teache |